# ഫാക്ടറി സെക്കന്റ്സ് വില്പന നാം കബളിപ്പിക്കപ്പെടുന്നു

**അനിൽദാസ്**

വില കുറച്ചു കിട്ടുമെന്നു കേട്ടാൽ എളുപ്പം ചതിയിൽ പെടാനും മടിയില്ലാത്തവരായിരിക്കുകയാണ് മലയാളികൾ.റെഡിമെയ്ഡ് വസ്ത്ര വിപണിയിലാണ് നാം ഇങ്ങനെ ഏറ്റവുമധികം ചൂഷണം ചെയ്യപ്പെടുന്നതും.'ഫാക്ടറി സെക്കന്റ്സ്'എന്ന ഓമനപ്പേരിട്ട് നടത്തുന്ന ചൂഷണമാണ് ഇന്ന് കേരളീയരെ വ്യാപകമായി ഇരയാക്കിയിരിക്കുന്നത്.നമ്മുടെ ഡിസ്കൗണ്ട് പ്രേമം തിരിച്ചറിഞ്ഞ മറുനാട്ടുകാരാണ് ഇവിടെ ദിവസങ്ങൾ മാത്രം നീളുന്ന മേളയിലൂടെ ലക്ഷങ്ങൾ ലാഭിക്കുന്നത്.

തുന്നലിലോ,തുണിയിലോ ഉള്ള വളരെ ചെറിയ ന്യൂനതകൾ മൂലം വസ്ത്ര നിർമ്മാണ കമ്പനി മാറ്റി വെയ്ക്കുന്ന ഇനങ്ങൾ നേരിട്ട് വൻവിലക്കുറവിൽ എത്തിക്കുന്നു എന്ന തോന്നലുണ്ടാക്കിയാണ് 'സെക്കന്റ്സ്' വില്പന. രാജ്യാന്തരപ്രശസ്തമായബ്രാന്റുകൾനിസ്സാരവിലയ്ക്കു കിട്ടുമ്പോൾ നമ്മൾ പിന്നെ മടിച്ചു നില്ക്കുമോ.ഇത്തരം ഷർട്ടുകളുടെ വില790രൂപ മുതൽ1500 രൂപ വരെയാണ്.ജീൻസ്,പാന്റ്സ് എന്നിവയ്ക്കും 900ന് മുകളിലോട്ടാണ് വില. ഈ സാധനങ്ങളാണ് ഷർട്ട് എതെടുത്താലും 355രൂപ,പാന്റ്സ് എതെടുത്താലും 500-600 രൂപ എന്നിങ്ങനെ പരസ്യം വരുന്നത്.900രൂപയുടെ പാന്റ്സ് 450-500രൂപയ്ക്കു കിട്ടുമെങ്കിൽ രണ്ടാമതൊരാലോചനയെന്തിന്.മാത്രമല്ല എറെക്കാലമായി മോഹിക്കുന്ന മികച്ച ബ്രാന്റ് ഇതാ കുറഞ്ഞ വിലയ്ക്ക്.

ഈ വ്യാമോഹത്തിനിടയിൽവസ്ത്രത്തിനെത്രപഴക്കമുണ്ടെന്നോ,നിലവിൽ മാർക്കറ്റിലെ പുത്തൻ ഇനത്തിന് കമ്പനി വില എത്രയാണെന്നോ നമ്മൾനോക്കുന്നില്ല.മാത്രമല്ല ഇത് ഫാക്ടറിയിൽ നിന്നും നേരിട്ടു നടത്തുന്ന സെക്കന്റ്സ് വില്പനയാണോയെന്ന് അന്വേഷിക്കാറില്ല.വില്പനക്കാർക്ക് മലയാളമറിയാത്തതിനാൽ സാധാരണക്കാരാരും കൂടുതൽ ചോദ്യങ്ങളും ഉയർത്താറില്ല.

ഈ ലേഖകന് അനുഭവത്തിലൂടെ ബോധ്യപ്പെട്ടൊരു കാര്യം.ഫാക്ടറി സെക്കന്റ്സ് എന്ന പേരിൽ ഇവിടെയെത്തുന്ന മിക്ക തുണികളും വർഷങ്ങളുടെ പഴക്കമുള്ളവയും ഇപ്പോൾ മാർക്കറ്റിലുള്ള കമ്പനി വിലയെക്കാൾ വളരെക്കുറഞ്ഞ വിലയുള്ളവയുമാണ് എന്നതാണ്. മറ്റൊരു പ്രധാന കാര്യം മനസ്സിലായത്,ഈ വസ്ത്രങ്ങൾ ഫാക്ടറികളിൽ നിന്നും നേരിട്ട് എത്തുന്നവയല്ല,മറിച്ച് അന്യനാട്ടുകളിലെ വിവിധ ഷോറൂമുകളിൽ നിന്ന് പഴയ സ്റ്റോക്ക് സംഭരിക്കുന്നതാണ്.ഒരനുഭവം പറയാം:തൃശ്ശൂർ കാസിനോ ഓഡിറ്റോറിയത്തിൽ അടുത്തയിടെ നടന്ന വില്പന. 399രൂപ മുഖവില ഇട്ടിരിക്കുന്ന ഒരു 'റഫ് ആന്റ് ടഫ് 'കോട്ടൺ പാന്റ് 199രൂപയ്ക്ക് ലഭിച്ചു.വിലക്കുറവ് തോന്നിക്കുന്ന തുണിയാണ് ഉപയോഗിച്ചിട്ടുള്ളത്.ഉപയോഗിച്ച് തുടങ്ങിയ ശേഷം പാന്റ്സിന്റെ കീശ തപ്പിയപ്പോൾ ഒരു കടലാസ്. തുറന്ന് നോക്കി,രാജ് കോട്ട് എന്ന സ്ഥലത്തെ 'പിങ്കി ഫാബ്രിക്സ് 'എന്ന തുണിക്കടയുടെ ബില്ലാണ്.'99ഫെബ്രുവരിയിൽ എറ്റിൽ വന്നു!399എന്നത് താരതമ്യേന വിലക്കുറവുള്ള റേഞ്ചിലുള്ള 'റഫ് ആന്റ് ടഫ് 'പാന്റ്സിന് ഇന്ന് മാർക്കറ്റിലെ ശരിയായ വിലയാണോ.വാങ്ങിയ പാന്റ്സിന് ശരിക്കും എത്രവർഷം പഴക്കം കാണും?-രാജ്കോട്ടിലെ തുണിക്കടയുടെ ബില്ല് കണ്ടപ്പോൾ ഇത്രയും ചോദ്യങ്ങൾ മനസ്സിൽ നിറഞ്ഞു.എറ്റവും കുറഞ്ഞത് മൂന്നു വർഷത്തെ പഴക്കമുണ്ടാവും ആ പാന്റ്സിതാനും റെഡിമെയ്ഡ് പാന്റും ഷർട്ടും വാങ്ങിയതിന്റേത്.'റഫ് ആന്റ് ടഫ് 'ന്റെ വിതരണക്കാരാണ് 'പിങ്കി ഫാബ്രിക്സ് 'എന്ന് ബില്ലിൽ അച്ചടിച്ചിട്ടുണ്ട്.135 തുടങ്ങിയവയാണ് അതിൽ പാന്റ്സിന് വിലയിട്ടിരിക്കുന്നത്.'രഷ്മിൻ കളക്ഷൻസ് 'എന്ന എജൻസിയാണ് തുണി വാങ്ങിയിരിക്കുന്നത്. എന്നാൽ ഇവിടെ വില്പന നടത്തുന്നവരുടെ പേര് 'അരവിന്ദ് ബ്രാന്റ്സ് 'എന്നും.99ൽ വാങ്ങിയ ഡ്രസ്സുകളുടെ ബില്ല് എങ്ങിനെ 2001ൽ വില്ക്കുന്ന 'ഫാക്ടറി സെക്കന്റ്സു'കളുടെ പോക്കറ്റിൽ? വലിയ ഗുണമേന്മയൊന്നുമില്ലാത്ത തുണി കൊണ്ടാണ് തയ്പ്. അങ്ങനെയെങ്കിൽ ഉല്പാദിപ്പിച്ച കാലത്തെ അതിന്റെ യഥാർത്ഥ വിലയും ഇവിടെ വിറ്റവർ അത് സംഭരിച്ചപ്പോൾ നല്കിയ വിലയും എത്രയായിരിക്കും. എന്തായാലും ബില്ലിലെ സൂചന വെച്ച് നോക്കിയാൽ,വാങ്ങിയ നമുക്ക് നഷ്ടം തന്നെയാവും, പ്രത്യകിച്ച് അതിന്റെ പഴക്കം കൂടി കണക്കിലെടുത്താൽ.

1240റേഞ്ചിലൊക്കെ വിലയുള്ള പാന്റ്സുകൾ 850-950രൂപ നിരക്കിൽ വില്ക്കുന്നതും അവിടെ കണ്ടു. ബ്രാന്റിന്റെ പ്രസിദ്ധി നോക്കി ഇത്രയും രൂപ വാങ്ങുമ്പോൾ ഉപഭോക്താവ് കബളിക്കപ്പെടുന്നുണ്ടോ. പലതും പുതുമ തീർത്തും നഷ്ടപ്പെട്ട്,പഴകിയ മണം ഉള്ളവയായി അനുഭവപ്പെട്ടു.ഇവ എത്ര നാൾ ഈടു നില്ക്കും- ആരും ഇതൊന്നും അന്വഷിക്കുന്നതായും കണ്ടില്ല.

എന്തായാലും അന്വഷിക്കാൻ പിറ്റേന്ന് 'പിങ്കി'യുടെ ബില്ലുമായി വില്പനക്കാരനെ സമീപ്പിച്ചപ്പോൾ അവർ ഇങ്ങോട്ട് കയർക്കുകയാണ് ചെയ്തത്. പരാതിയുണ്ടങ്കിൽ നല്കാൻ ബാംഗ്ലൂരിലെ ഒരു വിലാസവും മൊബൈൽ ഫോൺ നമ്പറും തന്നു.എതായാലും ആ യജ്ഞം അവിടെ വെച്ച് അവസാനിപ്പിക്കുകയായിരുന്നു.

ശരിക്കും ഫാക്ടറി സെക്കന്റ്സ് വില്പന പലയിടത്തും നടക്കുന്നുണ്ടാവാം.പക്ഷെ,കൂടുതൽ വില നല്കി പുത്തൻ വാങ്ങി ദീർഘകാലം ഇടുന്നതിനെക്കാളും മലയാളിക്ക് ഭ്രമം അല്പം വിലക്കുറവു മാത്രമേയുള്ളൂവെങ്കിലും പഴക്കമുള്ളത് വാങ്ങി കബളിക്കപ്പെടാനാവാം.

**ക്ലൈമാക്സ്** :നഗരത്തിലെ മിക്കവാറും തുണിക്കടകളുടെ മുന്നിൽ ഒരു ബോർഡ്കാണാം.''Discount upto 50% for selected items''(ഡിസ്കൗണ്ട്50%വരെ തിരഞ്ഞെടുത്ത സാധനങ്ങൾക്ക് മാത്രം)ഇതിൽ 50%മെന്നു മാത്രം ചക്കയുടെ വലിപ്പത്തിലും ബാക്കി കടുകപരുവത്തിലും.'കൺസ്യൂമറിസത്തിമിരം'ബാധിച്ച നാം വലിയ അക്കങ്ങൾ മാത്രം കാണുന്നു.




ഉൽപ്പന്നം ഫാക്ടറി നേരിട്ട് കച്ചവടം ചെയ്യുന്ന പ്രതീതി സൃഷ്ടിക്കുന്ന ഒരു വസ്ത്രപരസ്യം. സത്യത്തിൽ നിർമ്മാതാക്കൾക്ക് ഉത്തരവാദിത്തമൊന്നും ഇല്ലാത്ത ഏജൻസികളാണ് കച്ചവടക്കാർ.